## നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് (കേരളം )
## എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം -33
### എംപ്ലോയ്മെന്റ് ഡയറക്ടറുടെ നടപടിക്രമം
### (നിലവിൽ : കെ.ഗോപാലകൃഷ്ണൻ, ഐ.എ.എസ്)

വിഷയം:- നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) - ജീവനക്കാര്യം - എംപ്ലോയ്മെന്റ് ഓഫീസർ തസ്തികയിൽ പ്രതീക്ഷിത ഒഴിവിൽ സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം:-

1. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 17.01.2022 തീയതിയിലെ OA-54/2022 നമ്പർ വിധിന്യായം
2. എംപ്ലോയ്മെന്റ് ഓഫീസർ ശ്രീമതി.ഷാജിത ബീവി.എസ്-ന്റെ 12.01.2022, 10.03.2022 എന്നീ തീയതികളിലെ അപേക്ഷകൾ.
3. ശ്രീമതി.ഷാജിത ബീവി.എസ്-ന്റെ 10.03.2022 തീയതിയിലെ അപേക്ഷയിന്മേൽ ബഹു. എംപ്ലോയ്മെന്റ് ഡയറക്ടറുടെ ഉത്തരവ്

**ഉത്തരവ് നമ്പർ DE/132/2022-J1 തീയതി : 04/04/2022**

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പിൽ പീരുമേട് ടൗൺ എംപ്ലോയ്മെന്റ് ഓഫീസർ ആയി സേവനം അനുഷ്ഠിച്ചു വരുന്ന ശ്രീമതി.ഷാജിത ബീവി.എസ് പരാമർശം (1) പ്രകാരം ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ സമർപ്പിച്ചിരുന്ന OA-54/2022 യിന്മേൽ 2 മാസത്തിനുള്ളിൽ ടിയാളെ നേരിട്ടു കേൾക്കുന്നതിന് വിധി ന്യായം പുറപ്പെടുവിച്ചതിനെ തുടർന്ന് 10.03.2022 തീയതിയിൽ ബഹു. എംപ്ലോയ്മെന്റ് ഡയറക്ടർ ടിയാളെ നേരിട്ട് കേട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, 30.04.2022 തീയതിയിലെ വിരമിക്കൽ മുഖേനെ 01.05.2022 തീയതിയിൽ കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിൽ വരുന്ന എംപ്ലോയ്മെന്റ് ഓഫീസർ (എസ്.ഇ) തസ്തികയിലെ പ്രതീക്ഷിത ഒഴിവിൽ ശ്രീമതി.ഷാജിത ബീവി.എസ്-നെ 01.05.2022 തീയതി മുതൽ നിയമിച്ചുകൊണ്ടും പരാമർശം (1) വിധിന്യായം നടപ്പിൽവരുത്തിയും ഉത്തരവാകുന്നു.

ശ്രീമതി.ഷാജിത ബീവി.എസ് കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഒഴിവ് നിലവിൽ വരുന്ന 01.05.2022 തീയതി ടി കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് ചാർജ് ക്രമീകരണം പിന്നീട് അറിയിക്കുന്നതാണ്.

DIRECTOR OF EMPLOYMENT

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

<u>പകർപ്പ്</u>

1. എല്ലാ സബ് ഓഫീസുകൾക്കും
2. അഡിഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും (ജി) വകുപ്പ് ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
4. അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറലൂടെ കാര്യാലയം, തിരുവനന്തപുരം
5. എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ്/സെക്ഷൻ ഓഫീസർമാർക്കും
6. ആർ 1 സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. എസ്.എഫ്/ഒ.സി

**//അംഗീകാരത്തോടെ//**

**ജൂനിയർ സൂപ്രണ്ട്**